**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 428** **08-06-2021 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി കോർപ്പറേഷന്റെ കൈവശമുള്ള ഭൂമി ഉപയോഗിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri. P. Rajeeve<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ അഴിയൂരിൽ ദേശീയ പാതയ്ക്ക് അരികിൽ കശുവണ്ടി കോർപ്പറേഷന്റെ കൈവശമുള്ള ഏക്കർ കണക്കിന് ഭൂമിയും കെട്ടിടങ്ങളും വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | കോഴിക്കോട് ജില്ലയിലെ അഴിയൂരിൽ ദേശീയ പാതയ്ക്ക് സമീപം കശുവണ്ടി വികസന കോർപ്പറേഷന്റെ കൈവശമുള്ള സ്ഥലവും കെട്ടിടങ്ങളും കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നും നാടൻ തോട്ടണ്ടി ശേഖരിച്ച് ഉണക്കി സൂക്ഷിക്കുന്നതിനായി ഉപയോഗിച്ച് വരുന്നു. |
| (ബി) | ഇത് എത്ര ഏക്കർ ഉണ്ടെന്നും സ്ഥലത്തിനും കെട്ടിടങ്ങൾക്കും എത്ര കോടി രൂപ മതിപ്പ വിലയുണ്ടെന്നും അറിയിക്കുമോ; | (ബി) | മൂന്ന് ഏക്കർ 55 സെന്റ് സ്ഥലം ഉണ്ട്. സ്ഥലത്തിനും കെട്ടിടങ്ങൾക്കും മതിപ്പ് വില നിശ്ചയിച്ചിട്ടില്ല. |
| (സി) | ഈ സ്ഥലവും കെട്ടിടങ്ങളും ഉപയോഗപ്പെടുത്തി എന്തെങ്കിലും പുതിയ വ്യവസായ പദ്ധതി ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഈ സ്ഥലവും കെട്ടിടങ്ങളും ഉപയോഗിച്ച് കിറ്റ്കോ മുഖേന "കാഷ്യൂ ആപ്പിൾ" മൂല്യ വർദ്ധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്ന പ്രോജക്ടിന്റെ പ്രൊപ്പോസൽ കശുവണ്ടി വികസന കോർപ്പറേഷനിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ